2026
JUNE
16
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# വരുന്നു ഇ100, എഥനോൾ മാത്രമുള്ള ഇന്ധനത്തിന് അനുമതി നൽകി കേന്ദ്രം

**ന്യൂദൽഹി:** രാജ്യത്ത് 85 ശതമാനം എഥനോൾ ചേർത്ത പെട്രോൾ അവതരിപ്പിച്ചതിനു പിന്നാലെ പൂർണമായും എഥനോൾ അടങ്ങിയ ഇന്ധനം കൂടി കൊണ്ടുവരാൻ കേന്ദ്രസർക്കാർ. ഇ100 ഇന്ധനത്തെ കേന്ദ്രസർക്കാർ ഔദ്യദ്യോഗികമായി അംഗീകരിച്ചെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ഇതോടെ എഥനോളിൽ മാത്രം ഓടുന്ന കാറുകളും ബൈക്കുകളും ഉടൻ നിരത്തിലിറങ്ങും. പെട്രോളിന്റെ ഏറ്റവും ഫലപ്രദമായ ബദലാണ് എഥനോളെന്ന് ഇതിനോടകം തെളിഞ്ഞിട്ടുണ്ട്. എഥനോൾ ഉപയോഗം വ്യാപകമാക്കിയാൽ ഇന്ത്യയുടെ ക്രൂഡോയിൽ ഇറക്കുമതി ചെലവിൽ പ്രതിവർഷം 22 ലക്ഷം കോടി രൂപ ലാഭിക്കാനാകുമെന്നും ഗഡ്കരി പറഞ്ഞു.

100 ശതമാനം എഥനോൾ അടങ്ങിയ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന വാഗൺആർ ഫ്ളെക്സ് ഫ്യുവൽ മോഡൽ മാരുതി സുസുക്കി പുറത്തിറക്കിയിട്ടുണ്ട്. ഹീറോയുടെ രണ്ട് ബൈക്കുകളും 100 ശതമാനം എഥനോളിൽ മാത്രം പ്രവർത്തിക്കാൻ ശേഷിയുള്ളവയാണ്. ഇതേ മാതൃകയിൽ കൂടുതൽ ബൈക്കുകളും സ്കൂട്ടറുകളും ഉടൻ നിരത്തിലെത്തും. അടുത്ത രണ്ടു മാസത്തിനുള്ളിൽ ടൊയോട്ട, സുസുക്കി, ഹ്യുണ്ടായ് എന്നീ കമ്പനികളും ഫ്ളെക്സ് ഫ്യൂവൽ വാഹനങ്ങൾ പുറത്തിറക്കുമെന്നും അദ്ദേഹം പറഞ്ഞു.



പുതിയ നീക്കത്തോടെ രാജ്യത്ത് പെട്രോൾ, ഡീസൽ, സിഎൻജി, ഹൈബ്രിഡ്, ഹൈഡ്രജൻ, ഇലക്ട്രിക് എന്നിവയ്ക്ക് പുറമെ ഇ100 ഇന്ധനവും വ്യാപകമാകും. നിലവിൽ രാജ്യത്ത് വിൽക്കുന്ന പെട്രോളിൽ 20 ശതമാനം എഥനോൾ ചേർത്തിട്ടുണ്ട്. കൂടാതെ 85 ശതമാനം എഥനോൾ അടങ്ങിയ ഇ85 പെട്രോൾ പമ്പുകളും രാജ്യത്ത് ആരംഭിച്ചു. 85 ശതമാനം എഥനോളും ബാക്കി പെട്രോളും ചേർത്ത ഇന്ധനമായിരിക്കും ഇവിടെ ലഭിക്കുന്നത്. സാധാരണ പെട്രോളിനേക്കാൾ ലീറ്ററിന് 20 രൂപയോളം കുറവാണ് ഇവയ്ക്ക് ഈടാക്കുന്നത്.

കൂടാതെ വാഹന നിർമാണ കമ്പനികൾക്ക് ഈ മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ സ്വീകരിക്കാനും പരീക്ഷണങ്ങൾ നടത്താനും ഇതോടെ കഴിയും. സാധാരണ ഫോസിൽ എഞ്ചിനുകളിൽ മാറ്റം വരുത്തി ഇ100 ഉപയോഗിക്കാൻ തരത്തിലേക്ക് എത്തിക്കുകയാണ് കമ്പനികൾക്ക് മുന്നിലുള്ള വെല്ലുവിളി. പെട്രോളിനേക്കാൾ ഈർപ്പം ആഗിരണം ചെയ്യാൻ സാധ്യതയുള്ളതിനാൽ എൻജിൻ കാലിബറേഷനിലും ഫ്യുവൽ സംവിധാനങ്ങളിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. പുതിയ നീക്കം കാർഷിക മേഖലയ്ക്കും ഗുണം ചെയ്യുമെന്നും സർക്കാർ വൃത്തങ്ങൾ വിശദീകരിക്കുന്നു.

അതേസമയം, ഇ100ലേക്ക് മാറുന്നത് സർക്കാരിനു മുന്നിൽ വെല്ലുവിളിയാകും. ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് അത്യാവശ്യമാണ്. ഇ100 ഇന്ധനത്തിന് വേണ്ടി പ്രത്യേക പമ്പുകൾ സ്ഥാപിക്കേണ്ടി വരും. അല്ലെങ്കിൽ നിലവിലെ പമ്പുകളിൽ പ്രത്യേക ഡിസ്പെൻസറുകൾ വേണ്ടി വരും. ഇ85 പെട്രോളിന് വേണ്ടി രാജ്യത്ത് 5000 പമ്പുകൾ ആരംഭിക്കുമെന്ന് സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നു. കൂടാതെ ഇ100 സൂക്ഷിക്കാൻ പ്രത്യേക ടാങ്കുകളും മറ്റും ഒരുക്കേണ്ടി വരുമെന്നും വിദഗ്ധർ പറയുന്നു. നേരത്തെ ഇ20 പെട്രോൾ നടപ്പിലാക്കിയപ്പോൾ തന്നെ രാജ്യത്ത് വലിയ പ്രതിഷേധങ്ങൾ അരങ്ങേറിയിരുന്നു. ഇ20 പെട്രോൾ വാഹനങ്ങളുടെ മൈലേജ് കുറയ്ക്കുന്നുവെന്നും അറ്റകുറ്റപ്പണികൾ കൂടുതലാണെന്നുമുള്ള പരാതികൾ ഉയരുകയും ചെയ്തു. രാജ്യം പൂർണമായും എഥനോളിലേക്ക് മാറുമ്പോൾ ഉപയോക്താക്കൾ എങ്ങനെ സ്വീകരിക്കുമെന്നതും നിർണായകമാണ്.

# കുതിച്ചുയർന്ന് മത്സ്യവില

**തിരുവനന്തപുരം:** ട്രോളിങ് നിരോധനം നിലവിൽവന്നതോടെ സംസ്ഥാനത്ത് മത്സ്യവില കുതിച്ചുയർന്നു. നിരോധനത്തിന് തൊട്ടു മുൻപു കടലിൽ മത്സ്യലഭ്യത കുറവായതിനാൽ വിപണിയിൽ വില കൂടുതലായിരുന്നു. ട്രോളിങ് നിരോധനം പ്രാബല്യത്തിലായതോടെ വില സാധാരണക്കാരുടെ പോക്കറ്റിന് താങ്ങാനാവാത്ത വിധം പിന്നെയും വർധിച്ചു.

മത്തിവില കിലോയ്ക്ക് 340–360 രൂപ വരെയായി. ചില പ്രദേശങ്ങളിൽ കിലോയ്ക്ക് 400 രൂപ വരെ ഈടാക്കുന്നുണ്ട്. അയല, ചൂര, കട്‌ല, തിലാപ്പിയ എന്നിവയ്ക്കും പൊള്ളുന്ന വിലയാണ്. കടൽമത്സ്യങ്ങൾക്ക് പുറമേ കായൽ മത്സ്യങ്ങളുടെ വിലയിലും കുതിപ്പുണ്ട്. കണവ, കരിമീൻ, ചെമ്മീൻ എന്നിവയുടെ വിലയും കൂടി. ഇതോടെ പല ഹോട്ടലുകളിലും മെനുവിൽനിന്ന് മീൻ വിഭവങ്ങൾ താൽക്കാലികമായി ഒഴിവാക്കിത്തുടങ്ങി.

വരുംദിവസങ്ങളിൽ ഊണിനൊപ്പമുള്ള മീൻ വറുത്തതിനും കറിക്കും വില കൂട്ടേണ്ടി വരുമെന്നും ഹോട്ടലുടമകൾ പറയുന്നു. മത്സ്യവില കുതിച്ചുയർന്നത് ഇറച്ചി, പച്ചക്കറി വിപണികളെ ബാധിച്ചു. കോഴിയിറച്ചിക്കും പച്ചക്കറികൾക്കും വില കൂടിത്തുടങ്ങി.

നിലവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു മാത്രമാണു കടലിൽ പോയി മത്സ്യബന്ധനം നടത്തുന്നതിന് അനുമതിയുള്ളത്. എന്നാൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഉൾപ്പെടെയുള്ള തീരദേശ ജില്ലകളിൽ പരമ്പരാഗത വള്ളങ്ങൾക്ക് ആവശ്യത്തിന് മത്സ്യം ലഭിക്കുന്നില്ല. മഴയും കടലിലെ മോശം കാലാവസ്ഥയും മൂലം മിക്കവാറും ദിവസങ്ങളിലും കടലിൽ പോകുന്നതിനും വിലക്കുണ്ട്. ട്രോളിങ് നിരോധന കാലത്ത് കടലിൽ മത്സ്യപ്രജനനം ശരിയായ രീതിയിൽ നടന്നാൽ മാത്രമേ നിരോധനത്തിന് ശേഷം മത്സ്യലഭ്യതയിൽ വർധനവുണ്ടാകൂ എന്നു പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പറയുന്നു.

കേരളത്തിലെ തീരങ്ങളിൽ നിന്നുള്ള മീൻ വരവ് കുറഞ്ഞതോടെ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യമാണ് ഇപ്പോൾ വിപണി കയ്യടക്കിയിരിക്കുന്നത്. തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽനിന്ന് ലോറികളിലാണ് മത്സ്യമെത്തിക്കുന്നത്. വിപണിയിലെ ഈ കുത്തകയാണ് വിലക്കയറ്റത്തിനുള്ള മറ്റൊരു കാരണം. ട്രോളിങ് നിരോധനവും കാലവർഷവും മുന്നിൽ കണ്ട് ദിവസങ്ങൾക്ക് മുൻപു വൻതോതിൽ സംഭരിച്ച മത്സ്യമാണ് മറ്റു സംസ്ഥാനങ്ങളിൽനിന്ന് എത്തിക്കുന്നതെന്നും ആക്ഷേപമുണ്ട്. ഈ മത്സ്യങ്ങളുടെ ഗുണനിലവാര പരിശോധനയും ചെക്പോസ്റ്റുകളിൽ ശുഷ്കമാണ്. രാസവസ്തുക്കൾ ചേർത്ത മത്സ്യം വിപണിയിൽ എത്തുന്നില്ലെന്ന് ഉറപ്പാക്കാൻ കടുത്ത പരിശോധന വേണമെന്നും ആവശ്യമുണ്ട്.

# സഹകരണ സ്ഥാപനങ്ങളിൽ വെറുതെ കിടക്കുന്ന നിക്ഷേപം ഗാരന്റി ഫണ്ടിലേക്ക്

**തിരുവനന്തപുരം:** സഹകരണ സ്ഥാപനങ്ങളിൽ 10 വർഷമായി നിഷ്ക്രിയമായി കിടക്കുന്ന അക്കൗണ്ടുകളിലെ തുക സഹകരണ നിക്ഷേപ ഗാരന്റി ഫണ്ട് ബോർഡിന് കൈമാറും. റിസർവ് ബാങ്കിന്റെ രീതിയാണു സഹകരണ വകുപ്പും നടപ്പാക്കുന്നത്. 10 വർഷമായ നിഷ്ക്രിയ അക്കൗണ്ടുകൾ സഹകരണ സ്ഥാപനങ്ങൾ കണ്ടെത്തണം. ഇതിലെ തുക 3 മാസത്തിനകം ബോർഡിനു നൽകണമെന്നാണു നിർദേശം. ഇങ്ങനെ ഫണ്ട് കൈമാറിയ ശേഷം അക്കൗണ്ട് ഉടമയോ അവകാശിയോ തുകയ്ക്കുവേണ്ടി എത്താം. അത്തരം സാഹചര്യത്തിൽ സഹകരണ സ്ഥാപനം തുക നൽകണം.

തുടർന്ന് അതു ബോർഡിൽനിന്നു സ്ഥാപനത്തിനു മടക്കിവാങ്ങാമെന്നും വ്യവസ്ഥയുണ്ട്. സംഘങ്ങൾ തകർന്നാൽ നിക്ഷേപകർക്ക് നഷ്ടപരിഹാരമായി 5 ലക്ഷം രൂപവരെ നൽകുന്നതിനാണു നിക്ഷേപ ഗാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിരിക്കുന്നത്. ഈ ബോർഡിൽ എല്ലാ സംഘങ്ങളും അംഗങ്ങളാകണമെന്നാണു നിബന്ധന.

മുൻപു സംഘങ്ങൾ മൊത്തം നിക്ഷേപത്തിന്റെ 0.02% ഗാരന്റിയായി അടയ്ക്കണമായിരുന്നു. ഇനി, നിലവിൽ അംഗങ്ങളായ സംഘങ്ങൾക്ക് ഓരോ വർഷവും അധികമായി ലഭിക്കുന്ന നിക്ഷേപത്തുകയുടെ 0.12% ആണു ഗാരന്റി തുക. പുതുതായി ബോർഡിൽ അംഗങ്ങളാകുന്ന സംഘങ്ങൾ മൊത്തം നിക്ഷേപത്തുകയുടെ 0.10% ആണു നൽകേണ്ടത്.

സ്കീമിൽ ചേരാത്ത സംഘങ്ങളുടെ പട്ടിക പുറത്തുവിട്ടാൽ അതു നോക്കി നിക്ഷേപകർ പണം പിൻവലിക്കും.

ബോർഡിലെ സോഫ്റ്റ്‌വെയറിൽ തകരാർ ഉള്ളതിനാൽ സംഘങ്ങൾക്ക് ഗാരന്റി സ്കീമിൽ ചേരാനുള്ള കാലാവധി ഓഗസ്റ്റ് 31വരെ ദീർഘിപ്പിച്ചിട്ടുണ്ട്.






സൊസൈറ്റി ടുഡേ
SOCIETY TODAY

# മേരി റാണി സ്കൂളിൽ മെറിറ്റ് ഫിയസ്റ്റ 2026

ചങ്ങനാശേരി: ളായിക്കാട് മേരി റാണി പബ്ലിക് സ്കൂളിൽ സിബിഎസ്ഇ പത്ത്, പന്ത്രണ്ട് ബോർഡ് പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെ അനുമോദിക്കുന്നതിനായി മെറിറ്റ് ഫിയസ്റ്റ 2026 സംഘടിപ്പിച്ചു. വിനു ജോബ് എംഎൽഎ ഉദ്ഘാടനം ചെയ്തു.

ആരാധനാ സന്യാസിനീ സഭയുടെ വികാർ പ്രൊവിൻഷ്യലും എഡ്യുക്കേഷൻ കൗൺസിലറുമായ സിസ്റ്റർ ടിസാ പടിഞ്ഞാറേക്കര അധ്യക്ഷത വഹിച്ചു.

സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ലിനറ്റ് താന്നിക്കൽ, മാനേജർ സിസ്റ്റർ അനിജ ആലഞ്ചേരി, വൈസ് പ്രിൻസിപ്പൽ ആശാ ജോസഫ്, സ്റ്റാഫ് സെക്രട്ടറി റോഷ്മി.പി ജോസ്, ബിജി തോമസ് എന്നിവർ പ്രസംഗിച്ചു.

# ഓൾ കേരള ഹോമിയോപതിക് ഡീലേഴ്സ് അസ്സോസിയേഷൻ; സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു





എസ്.മനോജ് കുമാർ, അനില ജോർജ്

**കൊച്ചി:** കൊച്ചിയിൽ കൂടിയ 17ാമത് ഓൾ കേരള ഹോമിയോപതിക് ഡീലേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു. എസ്.മനോജ് കുമാർ (സംസ്ഥാന പ്രസിഡന്റ്, ശാന്താ ഹോമിയോ, എളമക്കര), അനില ജോർജ് (സംസ്ഥാന ജനറൽ സെക്രട്ടറി,മൺഡോളി മെഡിക്കൽസ്, എറണാകുളം) എം.കെ.രാജേഷ് കുമാർ ( ട്രഷറർ, ഏറനാട് ഹോമിയോ മലപ്പുറം) പി.സുമേഷ്, കെ.ജി.ജോർജ്, അജയകുമാർ(വൈസ് പ്രസിഡന്റ്മാർ) ജി.എൻ.ജോസ്, വനമൂർത്തി, ഡോ.മാധവൻ നായർ (ജോയിന്റ് സെക്രട്ടറിമാർ)




# വന്ധ്യത ചികിത്സയിൽ വിവിധ ചികിൽസ വിഭാഗങ്ങളുടെ ഏകീകൃത സമീപനം അനിവാര്യം : ഐ എച്ച് എം എ

**പാലക്കാട്:** ഐ എച്ച് എം എ പാലക്കാട് ജില്ലാ കമ്മിറ്റിയും നോവ ഫെർട്ടിലിറ്റി സെന്റർ പാലക്കാടും സംയുക്തമായി സംഘടിപ്പിച്ച വന്ധ്യത ശില്പശാല യായ 'റിഫൈൻ 2026' മുൻ ഐ എച്ച് എം എ സംസ്ഥാന പ്രസിഡന്റ് ഡോക്ടർ മുഹമ്മദ് ഷമീം ഉദ്ഘാടനം നിർവഹിച്ചു.ഡോക്ടർ ദീപ്തി.എസ്, ഡോ. രഞ്ജിത്ത് കുമാർ പി.എസ്, ഡോ സതീഷ് ടി എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

ഡോ കൃഷ്ണദാസ്, ഡോ പ്രശാന്ത് , ഡോ റിസ്വാന, ഡോ പ്രഭു , ഡോ ചന്ദ്രിക, ഡോ ജയദേവ്, ഡോ ഇർഷാദ് എന്നിവർ സംസാരിച്ചു.

# മണ്ണിടിച്ചിൽ തടയാനുള്ള സാങ്കേതികവിദ്യയ്ക്ക് മലയാളി ഗവേഷകർക്ക് പേറ്റന്റ്

**മങ്കൊമ്പ്:** മണ്ണിടിച്ചിലും ഉരുൾപൊട്ടലും തടയാൻ പുതിയ സാങ്കേതികവിദ്യ വികസിപ്പിച്ച മലയാളി ഗവേഷകർക്ക് ഇന്ത്യൻ പേറ്റന്റ്. സംസ്ഥാനത്തു തുടർച്ചയായുണ്ടാകുന്ന മണ്ണിടിച്ചിലിനു ശാശ്വത പരിഹാരമേകുന്നതാണു പുത്തൻ സാങ്കേതിക വിദ്യ. ചെരിഞ്ഞ പ്രദേശങ്ങളിലെയും റോഡ് വശങ്ങളിലെയും മണ്ണും കുന്നുകളും ഇടിഞ്ഞുപോകാതെ ശക്തമായി നിലനിർത്തുന്നതിനുള്ള 'മെംബ്രെയ്ൻ കൺഫൈൻഡ് പ്രഷർ ഗ്രൗട്ടഡ് സോയിൽ നെയ്ൽ' എന്ന നൂതന സംവിധാനത്തിനാണ് പേറ്റന്റ് ലഭിച്ചത്.

പാലക്കാട് ഐഐടി സിവിൽ എൻജിനീയറിങ് വിഭാഗം മേധാവിയും അസോഷ്യേറ്റ് പ്രഫസറുമായ ഡോ. ടി.കെ.സുധീഷ്, കോതമംഗലം എം.എ കോളജ് ഓഫ് എൻജിനീയറിങ്ങിലെ സിവിൽ വിഭാഗം അസിസ്റ്റന്റ്. പ്രഫസർ ഡോ. ആൽഫ ലൂക്കോസ് എന്നിവർ ചേർന്നാണു നേട്ടം കൈവരിച്ചത്. സാധാരണയായി മൺതിട്ടകൾ ഇടിയാതിരിക്കാൻ മണ്ണിലേക്ക് ഇരുമ്പു കമ്പികൾ ഇറക്കി അതിലേക്കു സിമന്റ് മിശ്രിതം (ഗ്രൗട്ട്) കടത്തിവിടുന്ന 'സോയിൽ നെയ്ലിങ്' രീതിയാണ് ഉപയോഗിക്കാറുള്ളത്. പലപ്പോഴും മണ്ണിലെ വിടവുകളിലൂടെ ഈ മിശ്രിതം ഒലിച്ചുപോവുകയും പ്രതീക്ഷിച്ച ബലം കിട്ടാതെ വരികയും ചെയ്യാറുണ്ട്. ഇതിനു പരിഹാരമായാണു ഗവേഷകർ പ്രത്യേക തുണിത്തരങ്ങൾ കൊണ്ടുള്ള കവചം ഇരുമ്പു കമ്പികൾക്കു ചുറ്റും ഘടിപ്പിച്ചത്. പോളിയസ്റ്റർ മെറ്റീരിയൽ ഉപയോഗിച്ചുണ്ടാക്കിയ കവചത്തിനുള്ളിലേക്ക് ഉയർന്ന സമ്മർദത്തിൽ സിമന്റ് മിശ്രിതം പമ്പ് ചെയ്യുമ്പോൾ അതു പുറത്തേക്ക് ഒലിച്ചുപോകാതെ ബലൂൺ പോലെ വികസിക്കുന്നു.

ഇതു മണ്ണിനടിയിൽ വലിയൊരു കോൺക്രീറ്റ് കുമിള രൂപപ്പെടുത്തുകയും ചുറ്റുമുള്ള മണ്ണിലേക്കു നല്ല മർദം ചെലുത്തി അതിനെ കൂടുതൽ ഉറപ്പുള്ളതാക്കി മാറ്റുകയും ചെയ്യുന്നു. പ്രഷർ ഗേജുകൾ ഉപയോഗിച്ച് മർദം കൃത്യമായി നിരീക്ഷിക്കാനും സംവിധാനത്തിലൂടെ സാധിക്കും.

മലയോര പാതകളിലെ മൺതിട്ടകൾ ഇടിഞ്ഞു വീഴുന്നതു തടയാനും റെയിൽവേ ലൈനുകളുടെ വശങ്ങൾ സംരക്ഷിക്കാനും ഏതു തരം മണ്ണിലും ഒരുപോലെ ഇത് ഉപയോഗിക്കാം. നിലവിലുള്ള മറ്റു മാർഗങ്ങളെ അപേക്ഷിച്ച് നിർമാണച്ചെലവു വളരെ കുറവാണ്.

# പച്ചപ്പട്ട് വിരിച്ച് മുളങ്കാടുകൾ, ശീതളിമ തേടി സഞ്ചാരികൾ

**തൊടുപുഴ:** കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതിയുടെ സന്തുലനവും താളംതെറ്റുമ്പോൾ പ്രകൃതിയിലേക്കുള്ള മടക്കയാത്രയിലാണ് ഇടുക്കി ജില്ലയിൽ ആലക്കോട് പഞ്ചായത്തിലെ ആനക്കയം, തലയനാട് പ്രദേശം. നയനമനോഹരമായ മലങ്കര ജലാശയത്തിനു സമീപം എംവിഐപി വക സ്ഥലത്ത് വച്ചുപിടിപ്പിച്ച മുളങ്കാടുകൾ ആരുടെയും മനംകവരും. പച്ചപ്പട്ട് വിരിച്ചപോലെ നിൽക്കുന്ന മുളങ്കാടുകൾ അത്ര ഹൃദയഹാരിയാണ്. ആലക്കോട് പഞ്ചായത്തിലെ ഏഴ്, എട്ട് വാർഡുകളുടെ സംഗമസ്ഥാനമായ ഇവിടം പ്രകൃതിക്ക് കുളിരേകി കുടചൂടി നിൽക്കുകയാണ്.



പച്ചപ്പിന്റെ ഈ കേദാരത്തിലേക്ക് സഞ്ചാരികളെ ആകർഷിക്കാൻ ഒരുകോടി രൂപയുടെ ബജറ്റ് പദ്ധതിക്ക് ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് ഒരു വർഷം മുമ്പ് രൂപം നൽകിയിരുന്നു. മുൻ സംസ്ഥാന ബജറ്റിൽ ഇതിനുള്ള തുക വകയിരുത്തുകയും ചെയ്തിരുന്നു. ആനക്കയംകോളപ്ര റോഡിന് ഇരുവശത്തുമായി പടർന്നു പന്തലിച്ചു നിൽക്കുന്ന ഈ മുളങ്കാടുകൾ നൽകുന്ന സുഖശീതളിമ ഒന്നുവേറെ തന്നെ. മുളങ്കാടിന്റെ ഇളംതെന്നലേറ്റ് ദൃശ്യചാരുത നുകരാൻ ധാരാളം പേരാണ് ഇവിടെയെത്തുന്നത്.

സിനിമാ നിർമാതാക്കളുടെയും അഭിനേതാക്കളുടെയും ഇഷ്ട ലൊക്കേഷനാണ് ഇവിടം. മലങ്കര ജലാശയത്തോട് ചേർന്നുനിൽക്കുന്ന മുളങ്കൂട്ടങ്ങളുടെ അഴകാണ് ഇവിടേക്ക് സിനിമാരംഗത്തുള്ളവരെ ഉൾപ്പെടെ ആകർഷിക്കുന്നത്. മുളങ്കാടുകൾ സംരക്ഷിച്ച് അടിസ്ഥാന സൗകര്യം ഒരുക്കി ഇവിടം മികച്ച വിനോദസഞ്ചാര കേന്ദ്രമാക്കാനാണ് ലക്ഷ്യമിടുന്നത്. മുളങ്കാടുകൾ സംരക്ഷിക്കുന്നതിനൊപ്പം ചിൽഡ്രൻസ് പാർക്ക്, നടപ്പാതകൾ, ഓപ്പൺ ജിംനേഷ്യം എന്നിവ ഒരുക്കണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്.പദ്ധതിയുടെ ഡിപിആർ തയാറാക്കുന്നതിനു മുന്നോടിയായി മുൻ ജില്ലാ കളക്ടർ വി. വിഗ്നേശ്വരി മുളങ്കാടുകൾ സന്ദർശിച്ചിരുന്നു. തുടർന്ന് വിശദമായ പദ്ധതി രേഖ തയാറാക്കാൻ നിർദേശവും നൽകി.

പിന്നീട് ഡിപിആർ തയാറാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഒരു ലക്ഷം രൂപ നീക്കിവച്ചിരുന്നു. സർക്കാർ ഫണ്ടിനു പുറമേ വിവിധ കമ്പനികളുടെ സിഎസ്ആർ ഫണ്ട് കൂടി ലഭ്യമാക്കി പദ്ധതി വിപുലമായി നടപ്പാക്കാനാണ് ആലോചന. മലങ്കര ജലാശയത്തിന്റെയും മുളങ്കാടിന്റെയും വശ്യത നുകരാൻ ധാരാളം സഞ്ചാരികളാണ് ഇവിടേക്ക് എത്തുന്നത്.

# മയക്കുമരുന്നിനെതിരേ ഒറ്റക്കെട്ടായി നീങ്ങണം: മന്ത്രി രമേശ് ചെന്നിത്തല

**റാന്നി:** മയക്കുമരുന്നിൻറെ മാരകമായ ചതിക്കുഴിയിൽനിന്ന് സമൂഹത്തെ രക്ഷിക്കാൻ ഒറ്റക്കെട്ടായി നീങ്ങണമെന്ന് മന്ത്രി രമേശ് ചെന്നിത്തല. മാർത്തോമ്മ സഭ റാന്നിനിലയ്ക്കൽ ദദ്രാസനാധിപൻ ഡോ. ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്തയുടെ പൗരോഹിത്യ സുവർണ ജൂബിലി സമാപന സമ്മേളനം റാന്നിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ഓപ്പറേഷൻ തൂഫാനിലൂടെ പ്രധാനമായും രണ്ടു കാര്യങ്ങളാണ് ലക്ഷ്യം വയ്ക്കുന്നത്. മയക്കുമരുന്നിന് അടിമപ്പെടുന്നവരെ കാര്യങ്ങൾ ബോധ്യപ്പെടുത്തി അതിൽനിന്ന് പിന്തിരിപ്പിക്കുക, സാധിക്കാത്ത പക്ഷം നിയമത്തിൻറെ വഴി തേടുക. സമുഹത്തെ കാർന്നു തിന്നുന്ന ഈ വിപത്തിൽ നിന്ന് രക്ഷ നേടുന്നതിനായി നടപ്പാക്കുന്ന പുതിയ ദൗത്യത്തിൽ എല്ലാവരും പങ്കാളികളാകണമെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

പ്രശ്നകലുഷിതമായ കാലഘട്ടത്തിൽ യേശുക്രിസ്തുവിന്റെ തലോടലാണ് ലോകം ആഗ്രഹിക്കുന്നതെന്ന് മുഖ്യ പ്രഭാഷണം നടത്തിയ എം.പി. അബ്ദുൾ സമദാനി എംപി പറഞ്ഞു. ബൈബിൾ ഒരു സ്നേഹ ഗീതമാണെന്നും മാർപാപ്പയുടെ വാക്കുകൾക്ക് ലോകം കാതോർക്കുകയാണെന്നും സമദാനി അഭിപ്രായപ്പെട്ടു.

ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. കേരള നിയമസഭ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ബിഷപ്പുമാരായ തോമസ് മാർ തിമോത്തിയോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. ഐസക്ക് മാർ ഫീലക്സിനോസ്, ആൻറോ ആൻറണി എംപി, എംഎൽഎ മാരായ പഴകുളം മധു,

അബിൻ വർക്കി കോടിയാട്ട്, വർഗീസ് മാമ്മൻ, കെ.യു.ജനിഷ് കുമാർ, സഭാ സെക്രട്ടറി റവ. എബി ടി. മാമ്മൻ, മുൻ എംഎൽഎമാരായ രാജു ഏബ്രഹാം, പ്രമോദ് നാരായൺ, സഭ അല്മായ ട്രസ്റ്റി റവ ഡേവിഡ് ദാനിയേൽ, ഭദ്രാസന സെക്രട്ടറി റവ തോമസ് കോശി പനച്ചമൂട്ടിൽ, റവ. സജു ചാക്കോ തുടങ്ങിയവർ പ്രസംഗിച്ചു.

# ആലുവ,മൂന്നാർ നാലുവരിപ്പാത: സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് തുടക്കമായി

**ആലുവ:** ആലുവ-മൂന്നാർ റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് തുടക്കമായി. റോഡ് വികസനത്തിനായി സ്ഥലം വിട്ടുനൽകേണ്ട ഭൂവുടമകളുടെ യോഗം ജൂൺ 18 വരെ വിവിധ കേന്ദ്രങ്ങളിലായി നടക്കും. ആലുവ പുളിഞ്ചോട് ജംഗ്ഷൻ മുതൽ കോതമംഗലം കോഴിപ്പിള്ളി ബൈപാസ് ജംഗ്ഷൻ വരെയുള്ള 38 കിലോമീറ്റർ റോഡാണ് 23 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നത്.

ഇരിങ്ങോൾ റോട്ടറി ഹാളിൽ (പെരുമ്പാവൂർ മരയ്ക്കാർ ജംഗ്ഷൻ മുതൽ കുറുപ്പംപടി ടൗൺ വരെയുള്ളവർ) ആണ് ആദ്യ യോഗം നടക്കുക. ഉച്ചയ്ക്ക് രണ്ടിന് അശമന്നൂർ പഞ്ചായത്ത് ഹാളിൽ (കുറുപ്പംപടി മുതൽ ഓടക്കാലി വരെയുള്ളവർ) അടുത്ത യോഗം നടക്കും. അവസാന ദിവസമായ 18 ന് രാവിലെ 10 ന് ആലുവ വൈഎംസിഎ ഹാളിലും (പുളിഞ്ചോട് മുതൽ അണ്ടിക്കമ്പനി വരെ), ഉച്ചയ്ക്ക് രണ്ടിന് നെടുംതോട് മാതാ ഓഡിറ്റോറിയത്തിലും (പോഞ്ഞാശേരി മുതൽ പാലക്കാട്ടുതാഴം വരെ) യോഗം നടക്കും.

കളമശേരി രാജഗിരി കോളജാണ് സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നത്. സർവേ നമ്പർ അടക്കമുള്ള വിജ്ഞാപനം ജനുവരി 27 ന് പ്രസിദ്ധീകരിച്ചിരുന്നു. കിഫ്ബി 653 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആലുവ, കുന്നത്തുനാട്, കോതമംഗലം താലൂക്കുകളിലെ ആലുവ വെസ്റ്റ്, ചൂർണിക്കര, കീഴ്മാട്, ആലുവ ഈസ്റ്റ്, വാഴക്കുളം, അറയ്ക്കപ്പടി, വെങ്ങോല, മാറമ്പിള്ളി, പെരുമ്പാവൂർ, രായമംഗലം, അശമന്നൂർ, ഇരമല്ലൂർ, തൃക്കാരിയൂർ, കോതമംഗലം എന്നീ 14 വില്ലേജുകളിലായി 102.08 ഏക്കർ സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്.

ഭൂവുടമകളുടെ യോഗം നടക്കുന്ന മറ്റ് തീയതികൾ: 16 ന് രാവിലെ 10 ന് ഇളമ്പ്ര പള്ളിപ്പടി മുഹ്യുദീൻ ജുമാമസ്ജിദ് ഓഡിറ്റോറിയം (ഓടയ്ക്കാലി മുതൽ തങ്കളം വരെ), ഉച്ചയ്ക്ക് രണ്ടിന് കോതമംഗലം മുനിസിപ്പൽ ഹാൾ (തങ്കളം മുതൽ കോഴിപ്പിള്ളി വരെ), 17 ന് രാവിലെ 10 ന് ആലുവ ചൂണ്ടി സെൻറെ പയസ് ചർച്ച് ഓഡിറ്റോറിയം (അണ്ടിക്കമ്പനി മുതൽ രാജഗിരി ആശുപത്രി വരെ), ഉച്ചയ്ക്ക് രണ്ടിന് ചെമ്പറക്കി സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളി ഹാൾ (രാജഗിരി ആശുപത്രി കഴിഞ്ഞ് പോഞ്ഞാശേരി വരെ) യോഗം നടക്കും.




# സെൻസസ് 2027: ഇന്ത്യയുടെ ആദ്യ ഡിജിറ്റൽ സെൻസസിന് കേരളത്തിൽ ജൂലൈയിൽ തുടക്കം

**തിരുവനന്തപുരം:** ഇന്ത്യയുടെ ചരിത്രത്തിലെ ആദ്യ സമ്പൂർണ ഡിജിറ്റൽ സെൻസസായ സെൻസസ് 2027ന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരളത്തിൽ ജൂലൈ 1 മുതൽ ആരംഭിക്കുമെന്ന് സെൻസസ് സ്റ്റേറ്റ് നോഡൽ ഓഫീസറും പൊതുഭരണ വകുപ്പ് സെക്രട്ടറിയുമായ കെ ബിജു തിരുവനന്തപുരത്ത് പത്രസമ്മേളനത്തിൽ അറിയിച്ചു.

സെൻസസ് 2027 രണ്ട് ഘട്ടങ്ങളായാണ് നടത്തുന്നത്. ഒന്നാം ഘട്ടമായ വീടുകളുടെ പട്ടിക തയ്യാറാക്കലും വീടുകളുടെ സെൻസസും (ഹൗസ് ലിസ്റ്റിംഗ് ഓപ്പറേഷൻ എച്ച്.എൽ.ഒ) 2026 ജൂലൈ 1 മുതൽ 30 വരെ കേരളത്തിൽ നടക്കും. രണ്ടാം ഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലാണ് നടത്തുക.

സെൻസസിനായി ആകെ 33 ചോദ്യങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും, കൃത്യവും വ്യക്തവുമായ വിവരങ്ങൾ നൽകി പൊതുജനങ്ങൾ സഹകരിക്കണമെന്ന് സംസ്ഥാന സർക്കാർ 2026 മേയ് 7ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

ഇതിന്റെ ഭാഗമായി 2026 ജൂൺ 16 മുതൽ ആരംഭിക്കുന്ന 15 ദിവസത്തെ സെൽഫ് എന്യൂമറേഷൻ കാലയളവിൽ പൊതുജനങ്ങൾക്ക് വദ്ധേ:// ലെ.രലിഔെ.ഴീ.ശി/ പോർട്ടൽ വഴി കുടുംബ വിവരങ്ങൾ നേരിട്ട് സമർപ്പിക്കാനാകും. സമർപ്പിക്കുന്ന വിവരങ്ങൾ ഫീൽഡ് സന്ദർശനത്തിനിടെ എന്യൂമറേറ്റർമാർ പരിശോധിച്ച് സ്ഥിരീകരിക്കും.

വിവരശേഖരണത്തിനായി അധ്യാപകരും മറ്റ് സർക്കാർ ജീവനക്കാരുമടങ്ങുന്ന എന്യൂമറേറ്റർമാരെയും ഏകദേശം 10,189 സൂപ്പർവൈസർമാരെയും നിയോഗിച്ചിട്ടുണ്ട്. വെബ് മാപ്പിംഗ് ആപ്ലിക്കേഷൻ ഉപയോഗിച്ച് നിർണയിച്ച ഹൗസ് ലിസ്റ്റിംഗ് ബ്ലോക്കുകൾ സന്ദർശിച്ചാണ് വിവരശേഖരണം നടത്തുക. എന്യൂമറേറ്റർമാർ ഒഘഛ ആപ്പ് ഉപയോഗിച്ചായിരിക്കും വിവരങ്ങൾ ശേഖരിക്കുക. സമ്പൂർണ സെൻസസ് പ്രവർത്തനങ്ങളും 'സെൻസസ് മാനേജ്മെന്റ് ആൻഡ് മോണിറ്ററിങ് സിസ്റ്റം' എന്ന വെബ് പോർട്ടൽ മുഖേന ഏകോപിപ്പിക്കപ്പെടും.

ലോകത്തിലെ ഏറ്റവും വലിയ ഭരണപരവും സ്ഥിതിവിവരക്കണക്കു സംബന്ധപ്പെട്ടതുമായ പ്രവർത്തനങ്ങളിലൊന്നായി ഭാരത സെൻസസ് വിലയിരുത്തപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ യൂണിയൻ ലിസ്റ്റിൽ 69ാം ക്രമനമ്പരായാണ് സെൻസസ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1948ലെ സെൻസസ് നിയമവും 1990ലെ സെൻസസ് ചട്ടങ്ങളും അടിസ്ഥാനമാക്കിയാണ് കണക്കെടുപ്പ് നടത്തുന്നത്.

150 വർഷത്തിലേറെ പാരമ്പര്യമുള്ള ഭാരത സെൻസസ് ആദ്യമായി 1872ലും അവസാനമായി 2011ലുമാണ് നടന്നത്. സെൻസസ് 2027 ഈ പരമ്പരയിലെ 16ാമത്തേതും സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ എട്ടാമത്തേതുമാണ്.

സെൻസസുമായി ബന്ധപ്പെട്ട സർക്കുലറുകൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ഭാരത രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണറുടെ കാര്യാലയമാണ് പുറപ്പെടുവിക്കുന്നത്. സംസ്ഥാന സർക്കാരുമായുള്ള ഏകോപന ചുമതല ഡയറക്ടറേറ്റ് ഓഫ് സെൻസസ് ഓപ്പറേഷൻസിനാണ്. പൊതുഭരണ വകുപ്പാണ് സംസ്ഥാനത്തെ നോഡൽ വകുപ്പ്. ഓരോ ജില്ലയിലെയും സെൻസസ് പ്രവർത്തനങ്ങളുടെ ചുമതല ജില്ലാ കളക്ടർമാർ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരെന്ന നിലയിൽ നിർവഹിക്കും. സെൻസസിന്റെ വിജയകരമായ പൂർത്തിയാക്കലിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം അദ്ദേഹം അഭ്യർത്ഥിച്ചു.

സെൻസസ് ഓപ്പറേഷൻ ഡയറക്ടർ മിത്ര ടി, തിരുവനന്തപുരം ജില്ലാ കളക്ടർ അനു കുമാരി, പി ഐ ബി ഡപ്യൂട്ടി ഡയറക്ടർആതിര തമ്പി എന്നിവർ സംബന്ധിച്ചു. സെൻസസുമായി ബന്ധപ്പെട്ട സംശയങ്ങൾക്കും പരാതികൾക്കും 1855 എന്ന ടോൾ ഫ്രീ നമ്പറിൽ പൊതുജനങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്.

# പ്രിയദർശിനി പദ്ധതി പൊതുഗതാഗത രംഗത്തെ നാഴികല്ലെന്ന് മന്ത്രി സി പി ജോൺ

**തിരുവനന്തപുരം:** കേരളത്തിലെ പൊതുഗതാഗത രംഗത്ത് നാഴികക്കല്ലാണ് പ്രിയദർശിനി പദ്ധതിയെന്ന് ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ അഭിപ്രായപ്പെട്ടു.
തമ്പാനൂർ കെഎസ്ആർടിസി കോംപ്ലക്സിൽ നടന്ന സ്ത്രീകൾക്ക് കെഎസ്ആർടിസി ബസുകളിൽ സൗജന്യ യാത്ര ഒരുക്കുന്ന പ്രിയദർശിനി പദ്ധതിയുടെ ഉദ്ഘാടനച്ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

നിലവിൽ 3125 ഓർഡിനറി ബസുകളിലാണ് സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിച്ചിരിക്കുന്നത്. സൗജന്യ യാത്രയിലൂടെ സ്ത്രീകളുടെ വരുമാനത്തിലും ജീവിതത്തിലും ഗുണപരമായ മാറ്റം ഉണ്ടാകും. കെഎസ്ആർടിസിയെ കൂടുതൽ ജനകീയമാക്കുകയും വികേന്ദ്രീകരിക്കുകയും ചെയ്യുന്നതിന് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ബസുകൾ സ്പോൺസർ ചെയ്യുന്നതിനുള്ള മാർഗരേഖ ഉടൻ പ്രഖ്യാപിക്കും.

1938 ഫെബ്രുവരി 20ന് ചിത്തിരതിരുനാൾ മഹാരാജാവ് തിരുവിതാംകൂറിൽ ആദ്യ പൊതുഗതാഗത ബസ് സർവീസ് ആരംഭിച്ചു. ലണ്ടൻ സന്ദർശനത്തിൽ നിന്നുള്ള പ്രചോദനത്തെ തുടർന്നാണ് അന്നത്തെ ബസ് സർവീസ് ആരംഭിച്ചത്. 33 ബസുകളുമായാണ് പൊതുഗതാഗത സംവിധാനം ആരംഭിച്ചത്. ഇന്ന് കെഎസ്ആർടിസിക്ക് 5700 ബസുകളുണ്ടെന്നും ആയിരക്കണക്കിന് സർവീസുകൾ സംസ്ഥാനത്താകെ നടത്തിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്തെ 93 കെഎസ്ആർടിസി ഡിപ്പോകളിലും ജനപ്രതിനിധികളെയും വിവിധ രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി സമിതികൾ രൂപീകരിക്കുന്നതിന് മുഖ്യമന്ത്രി അനുമതി നൽകി.

കെഎസ്ആർടിസി പൊതുസമൂഹത്തിന്റെ സ്വത്താണെന്നും, ജനങ്ങൾ സ്വന്തം സംവിധാനമെന്ന നിലയിൽ അതിനെ സംരക്ഷിക്കണമെന്നും മന്ത്രി അഭ്യർഥിച്ചു.

# എറണാകുളം ജനറൽ ആശുപത്രിയിൽ പിൻവാതിൽ നിയമനം സ്ഥിരപ്പെടുത്താൻ നീക്കം

**കൊച്ചി:** 'ശ്രുതി തരംഗം' പദ്ധതിയുടെ പേരിൽ എറണാകുളം ജനറൽ ആശുപത്രിയിൽ നടന്ന പിൻവാതിൽ നിയമനം സ്വിരപ്പെടുത്താൻ നീക്കം നടക്കുന്നതായി സർക്കാർ ഡോക്ടർമാരുടെ സംഘടനയായ കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ (കെ.ജി.എം.ഒ.എ) എറണാകുളം ജില്ലാ കമ്മിറ്റി ആരോപിച്ചു. കേൾവി വൈകല്യമുള്ള കുട്ടികളുടെ കേൾവിതകരാർ പരിഹരിക്കുന്നതിന് അതീവ പ്രാധാന്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് 'ശ്രുതി തരംഗം'. സർക്കാർ ആശുപത്രികളിലെ ഇഎൻടി സർജ്ജന്മാരിൽ നിന്നും താൽപര്യപത്രം ക്ഷണിച്ച്, അപേക്ഷ സ്വീകരിച്ച് യോഗ്യരായവരെ തിഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകിയാണ് 'ശ്രുതി തരംഗം' പദ്ധതിയുടെ ഭാഗമാക്കുന്നത്.

എറണാകുളം ജനറൽ ആശുപത്രിയിൽ ഇഎൻടി വിഭാഗത്തിൽ അഞ്ച് സ്ഥിരം ഇഎൻടി സർജന്മാരും ഒരു വർക്കിങ് അറേഞ്ച്മെന്റ് ഇഎൻടി സർജനുമടക്കം ആറ് വിദഗ്ധർ ഉണ്ട്. കൂടാതെ ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിലും യോഗ്യരായ ഇഎൻടി വിദഗ്ധരുണ്ട്. എന്നിട്ടും പരിശീലനത്തിനായി ജില്ലയിലെ സർക്കാർ ഇഎൻടി സർജന്മാരിൽ നിന്ന് താൽപര്യപത്രം ക്ഷണിക്കുകയോ അപേക്ഷകൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് സംഘടന നേതാക്കൾ വാർത്താകുറിപ്പിലൂടെ പറഞ്ഞു. ജില്ലയിലെ നിരവധി ഇഎൻടി സ്പെഷ്യലിസ്റ്റുകൾ ജൂനിയർ കൺസൾട്ടന്റ് തസ്തികകളിലേക്കുള്ള നിയമനത്തിനായി കാത്തിരിക്കുന്നു.

വിദഗ്ദ ഡോക്ടർമാർ കുറവുള്ള ആശുപത്രികളിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന താൽക്കാലിക ഡോക്ടർമാരെ നിയമിക്കാറുണ്ട്. എന്നാൽ ഇഎൻടി വിഭാഗത്തിൽ സ്ഥിരമായി ആറ് വിദഗ്ദ ഡോക്ടർമാരുള്ള എറണാകുളം ജനറൽ ആശുപത്രിയിൽ ഉന്നത സ്വാധീനം വഴി മൂന്ന് വർഷം മുമ്പ് കയറിക്കൂടിയ താൽക്കാലിക ഡോക്ടറെ സ്ഥിരപ്പെടുത്തി സർക്കാർ ചെലവിൽ അതീവ പ്രത്യേകതയുള്ള പരിശീലനം നൽകാനാണ് പിന്നണിയിൽ നീക്കം നടക്കുന്നത്. അന്നത്തെ എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് (ഇപ്പോഴത്തെ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ) ആണ് ഈ നീത്തിന് ശുപാർശ നൽകിയത്. ഭരണം മാറിയെങ്കിലും ഇപ്പോഴും ഇവർതന്നെയാണ് ആരോഗ്യ വകുപ്പ് മന്ത്രി കെ.മുരളീധരനെ ഇരുട്ടിൽ നിറുത്തി നിയമ വിരുദ്ധ പ്രവർത്തനങ്ങൾനടത്തുന്നത്. സർക്കാർ സർവീസിലുള്ള ഡോക്ടർമാരുടെ ന്യായമായ അവകാശങ്ങളെയും കരിയർ പുരോഗതിയെയും അട്ടിമറിക്കുന്ന നടപടിയാണിത്.

സർക്കാർ സർവീസിലുള്ള അർഹരായ ഇഎൻടി വിദഗ്ധർക്ക് അവസരം ഉറപ്പാക്കി മാത്രമേ 'ശ്രുതി തരംഗം' പദ്ധതി മുന്നോട്ടുകൊണ്ടുപോകാവൂവെന്നും അല്ലാത്തപക്ഷം സർക്കാർ ഡോക്ടർമാരുടെ അവകാശങ്ങളും ഭരണനീതിയും സംരക്ഷിക്കുന്നതിനായി കെ.ജി.എം.ഒ.എ എറണാകുളം ജില്ലാ കമ്മിറ്റി ശക്തമായ പ്രക്ഷോഭ പരിപാടികളിലേക്ക് കടക്കുമെന്നും ഭാരവാഹികൾ പറഞ്ഞു.



**സ്കൂൾ പാചക തൊഴിലാളി യൂണിയൻ (എഐടിയുസി) നേതാക്കളായ അനിത അപ്പുക്കുട്ടൻ, അമ്പിളി അജയൻ എന്നിവർ മുഖ്യമന്ത്രി വി.ഡി.സതീശന് നിവേദനം നൽകുന്നു.**

# സ്കൂൾ പാചകത്തൊഴിലാളികളെ നിരാശപ്പെടുത്തില്ല: മുഖ്യമന്ത്രി വി.ഡി.സതീശൻ

**കൊച്ചി:** സ്കൂൾ പാചക തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന നൽകുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ ഉറപ്പ് നൽകിയതായി സ്കൂൾ പാചക തൊഴിലാളി യൂണിയൻ (എഐടിയുസി) നേതാക്കൾ അറിയിച്ചു.

മിനിമം വേതന പരിധിയിൽ നിന്നും പാചക തൊഴിലാളികളെ ഒഴിവാക്കിയ കഴിഞ്ഞ സർക്കാരിന്റെ ഉത്തരവ് പിൻവലിക്കുക, പാചക തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യവും പെൻഷനും ഏർപ്പെടുത്തുക, യഥാസമയം വേതനം വിതരണം ചെയ്യുക, തുടങ്ങിയ ആവശ്യങ്ങളാണ് യൂണിയൻ പ്രതിനിധികളായ അനിത അപ്പുക്കുട്ടൻ, അമ്പിളി അജയൻ എന്നിവർ മുഖ്യമന്ത്രിയെ നേരിൽ കണ്ട് അഭ്യർത്ഥിച്ചത്.

കഴിഞ്ഞ എൽഡിഎഫ് സർക്കാർ അംഗീകരിച്ചിട്ടും നടപ്പാക്കത്ത തീരുമാനങ്ങൾ കൂടി പരിഗണിച്ചുകൊണ്ടായിരിക്കും പുതിയ ചർച്ചകളും തീരുമാനങ്ങളും കൈക്കൊള്ളുകയെന്ന് മുഖ്യ മന്ത്രി ഉറപ്പ് നൽകിയതായി സംസ്ഥാന ജനറൽ സെക്രട്ടറി പി.ജി. മോഹനൻ അറിയിച്ചു.

# കാഞ്ഞിരപ്പുഴ ടൂറിസം പദ്ധതി: നടപ്പാക്കുന്നത് 161 കോടി രൂപയുടെ പദ്ധതി

**കാഞ്ഞിരപ്പുഴ:** കാഞ്ഞിരപ്പുഴ ഡാം ടൂറിസം പദ്ധതിയിൽനിന്നു പിന്മാറില്ലെന്നു കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന എഫ്എസ്ഐടി റെഡിഫൈൻ ഡെസ്റ്റിനേഷൻ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി അധികൃതർ. സംസ്ഥാനത്ത് ഇറിഗേഷൻ ടൂറിസം പദ്ധതിയിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെടുകയും പദ്ധതിക്കായി സ്ഥലം കൈമാറിയിട്ടുമുണ്ട്. പദ്ധതിയുടെ നിർമാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടു വകുപ്പു മന്ത്രിക്കു കമ്പനി കത്തും നൽകി. ഇനി അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉടൻ പ്രവൃത്തികൾ ആരംഭിക്കുമെന്നു കമ്പനി അധികൃതർ അറിയിച്ചു. സ്വകാര്യ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയങ്ങളെ ഇല്ലാതാക്കുന്ന തരത്തിൽ ചില ആളുകൾ വിവാദ വാർത്തകൾ സൃഷ്ടിക്കുകയാണെന്നും വിവാദങ്ങളുടെ പേരിൽ കാഞ്ഞിരപ്പുഴ ടൂറിസം പദ്ധതിയിൽനിന്നു കമ്പനി പിന്മാറില്ലെന്നും പറഞ്ഞു.

സർക്കാരിന്റെ ഒരുരൂപ പോലും മുതൽ മുടക്കാതെ സ്വകാര്യ നിക്ഷേപത്തിൽ 161 കോടി രൂപ മുടക്കി വലിയ ടൂറിസം പദ്ധതിയാണു കാഞ്ഞിരപ്പുഴയിൽ നടപ്പിലാക്കുവാൻ പോവുന്നത്. 30 വർഷമാണു കാലാവധി. സർക്കാരിന് ആകെ വരുമാനത്തിൽനിന്ന് 18% ജിഎസ്ടി വിഹിതമായും ഇറിഗേഷൻ വകുപ്പിന് 3% വിഹിതവും ഉറപ്പാക്കുന്നതാണു പദ്ധതി. പദ്ധതിക്കെതിരെ അഴിമതി ആരോപണം ഉയർന്നിരുന്നു. ഇതിനിടെ ഇടുക്കി ജില്ലയിലെ മലങ്കര ഡാമിലും, ഭൂതത്താൻകെട്ട് ഡാമിലും ടൂറിസം പദ്ധതിയിൽ അഴിമതി ഉണ്ടെന്നാരോപണം ശക്തമായിരുന്നു. എന്നാൽ കാഞ്ഞിരപ്പുഴ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുമെന്നു മന്ത്രി കെ.എ.തുളസി നേരത്തെ വ്യക്തമാക്കിയിരുന്നു.

# ഉണർവിൽ കുരുമുളക്

അനുകൂല കാലാവസ്ഥ ചവിട്ടുപടിയാക്കി ചെറുകിട കർഷകർ റബർ വെട്ടിന് ഉത്സാഹിച്ചപ്പോൾ പല വൻകിട തോട്ടങ്ങളും ഇതര സംസ്ഥാന തൊഴിലാളികളുടെ വരവിനായി കാത്തിരിക്കുന്നു. കൊപ്രയുടെ വില തകർച്ച നാളികേര കർഷകരെ പ്രതിസന്ധിലാക്കി. ഹൈറേഞ്ചിൽനിന്നുള്ള കുരുമുളക് നീക്കം ചുരുങ്ങി, നിരക്ക് ഉയർത്താതെ അന്തർസംസ്ഥാന വ്യാപാരികൾ സംഘടിതരായി ദക്ഷിണേന്ത്യൻ സ്റ്റോക്കിസ്റ്റുകളെ വെല്ലുവിളിക്കുന്നു. കാലാവസ്ഥ അനുകൂലമായതോടെ ഏലത്തോട്ടങ്ങൾ വീണ്ടും സജീവം.



സംസ്ഥാനത്തിൻറെ ഒട്ടുമിക്ക ഭാഗങ്ങളിലെയും ചെറുകിട കർഷകർ ടാപ്പിംഗിനു മത്സരിക്കുന്നു. വിപണി വില പുതിയ ഉയരങ്ങളിലേക്കു ചുവടുവയ്ക്കുന്നതിനാൽ ഉത്പാദനം പരമാവധി ഉയർത്താനുള്ള എല്ലാ ശ്രമങ്ങളും കർഷക കുടുംബങ്ങൾ നടത്തുന്നുണ്ട്. ജൂൺ രണ്ടാം പകുതിയിലേക്ക് പ്രവേശിക്കുമ്പോൾ ഷീറ്റും ലാറ്റക്സും അവർ വില്പനയ്ക്ക് ഇറക്കിത്തുടങ്ങും. നാലാം ഗ്രേഡ് റബർ വില കിലോ 273 രൂപ വരെ ഉയർന്നതു കർഷകർക്കു വിപണിയിലുള്ള വിശ്വാസം ഇരട്ടിപ്പിച്ചു. കഴിഞ്ഞ വർഷം ഇതേ സന്ദർഭത്തിൽ നിരക്ക് 197 രൂപ മാത്രമായിരുന്നു.

ഏഷ്യൻ അവധി വ്യാപാര കേന്ദ്രങ്ങളിൽ റബർ ചാഞ്ചാട്ടത്തിലായിരുന്നു. ജപ്പാനിൽ നിരക്ക് കിലോ 424 യെന്നിൽ നിന്നും വാരമധ്യം 415 യെന്നിലേക്ക് ഇടിഞ്ഞ ശേഷം ശക്തമായ തിരിച്ചുവരവിൽ 431ലേക്ക് ഉയർന്നു. കഴിഞ്ഞ വർഷം ഇതേ സന്ദർഭത്തിൽ നിരക്ക് കിലോ 290 യെന്നായിരുന്നു.

ചൈനീസ് വ്യാവസായിക മേഖലയിൽ നിന്നുള്ള ആവശ്യക്കാരുടെ അഭാവം നിലനിന്നു. ഏഷ്യൻ ഉത്പാദക രാജ്യങ്ങൾ ടാപ്പിംഗ് സീസണിന് ഒരുങ്ങുന്നതിനാൽ മാസാവസാനതോടെ ഷീറ്റ് ലഭ്യത ഉയരുമെന്ന കണക്കുകൂട്ടലിലാണു വ്യവസായികൾ. ഇതിനിടയിൽ ബാങ്കോക്കിൽ റബർ വില 302 രൂപ വരെ ഉയർന്നത് ഇറക്കുമതി രാജ്യങ്ങളിൽ ഞെട്ടലുളവാക്കി. 300 രൂപയിലേക്ക് വിപണി ഒരിക്കലും പ്രവേശിക്കില്ലെന്ന കണക്കുകൂട്ടലിലായിരുന്നു ഇന്ത്യ അടക്കമുള്ള രാജ്യങ്ങളിലെ പല വൻകിട ടയർ നിർമാതാക്കളും.

നാളികേരോത്പന്നങ്ങൾ തുടർച്ചയായ വില ഇടിവിനിടയിൽ സ്ഥിരതയ്ക്ക് ശ്രമം നടത്തിയെങ്കിലും കൊപ്രാ വിപണിയോട് മില്ലുകാർ കാണിച്ച തണുപ്പൻ മനോഭാവം തിരിച്ചടിയായി. പച്ചത്തേങ്ങയ്ക്കും കൊപ്രയ്ക്കും വ്യാവസായിക ആവശ്യം ഉയർന്നാൽ മാത്രമേ വിലക്കയറ്റത്തിനു സാഹചര്യം ഒരുങ്ങൂ. പ്രാദേശിക മാർക്കറ്റുകളിലും വിദേശത്തും വെളിച്ചെണ്ണയ്ക്ക് ആവശ്യക്കാർ കുറവാണ്. വാരാന്ത്യം കൊച്ചിയിൽ വെളിച്ചെണ്ണ 22,200 രൂപയിലും കൊപ്ര 12,900 രൂപയിലും ക്ലോസിംഗ് നടന്നു. ദക്ഷിണേന്ത്യയിൽ നാളികേര ഉത്പാദനം ഉയർന്നതും മുന്നേറ്റത്തിനു തടസമായി.

അന്തർസംസ്ഥാന വ്യാപാരികൾ ഒടുവിൽ വില ഉയർത്തി കുരുമുളക് ശേഖരിച്ചു. ഹൈറേഞ്ചിലെയും മറ്റ് ഭാഗങ്ങളിലെയും കർഷകർ നാടൻ ചരക്ക് വില്പന നിയന്ത്രിച്ചതാണു നിരക്ക് ഉയർത്താൻ വാങ്ങലുകാരെ പ്രേരിപ്പിച്ചത്. ഉത്സവ കാല ആവശ്യങ്ങൾക്ക് ഉത്തരേന്ത്യയിൽ ഉയർന്ന അളവിൽ ചരക്ക് ആവശ്യമുണ്ട്. എന്നാൽ, നിരക്ക് ഇടിച്ച് പരമാവധി ചരക്ക് കൈക്കലാകാൻ അവർ എല്ലാ അടവുകളും വിപണിയിൽ പരീക്ഷിക്കുന്നുണ്ട്. ഇതിനിടയിൽ കർണാടകത്തിലെ അർധസർക്കാർ സ്ഥാപനം കർഷകരിൽനിന്നും കുരുമുളക് സംഭരണത്തിന് ഉത്സാഹിച്ചു. വില ഉയരുമെന്ന വിശ്വാസത്തിൽ അവിടത്തെ കർഷകർ കാര്യമായി ചരക്ക് വില്പന നടത്തുന്നില്ല. കൊച്ചിയിൽ അൺഗാർബിൾഡ് കുരുമുളക് 69,600 രൂപ. അന്താരാഷ്ട്ര മാർക്കറ്റിൽ മലബാർ മുളക് വില ടണ്ണിന് 7650 ഡോളർ.

കാലാവസ്ഥ മാറ്റങ്ങൾക്കിടയിൽ ഏലത്തോട്ടങ്ങൾ വീണ്ടും സജീവമാക്കുന്നു. മാസാന്ത്യതോടെ വിളവെടുപ്പ് വീണ്ടും സജീവമാകുമെന്ന നിഗമനത്തിലാണ് ഒരു വിഭാഗം കർഷകർ. കയറ്റുമതിക്കാരും അന്തർസംസ്ഥാന വാങ്ങലുകാരും ലേല കേന്ദ്രങ്ങളിൽനിന്നും ലഭ്യമാവുന്ന ചരക്കത്രയും ശേഖരിക്കുന്നുണ്ട്. ശരാശരി ഇനങ്ങൾ കിലോ 2648 രൂപയിലും മികച്ചയിനങ്ങൾ 3489 രൂപയിലും വാരാന്ത്യം ഇടപാടുകൾ നടന്നു.

## ആഗോള പേറ്റൻറ് പട്ടികയിൽ ചരിത്രം കുറിച്ച് ജിയോ; ടോപ് 20ലെ ആദ്യ ഇന്ത്യൻ കമ്പനി

**കൊച്ചി/മുംബൈ:** റിലയൻസ് ഇൻഡസ്ട്രീസിന്റെ സാങ്കേതിക വിഭാഗമായ ജിയോ പ്ലാറ്റ്‌ഫോംസ്, ലോക ബൗദ്ധിക സ്വത്തവകാശ സംഘടനയുടെ ഏറ്റവും പുതിയ പേറ്റൻറ് റാങ്കിംഗിൽ ആഗോളതലത്തിൽ ആദ്യ 20 സ്ഥാനങ്ങളിൽ ഇടംപിടിച്ചു. 2025ലെ പട്ടികയിൽ 320 സ്ഥാനങ്ങൾ മെച്ചപ്പെടുത്തിയാണ് ജിയോ ഈ ശ്രദ്ധേയമായ നേട്ടം കൈവരിച്ചത്.

ആഗോള സാങ്കേതിക ഭൂപടത്തിൽ ഇന്ത്യയുടെ സാന്നിധ്യം ശക്തമാക്കിക്കൊണ്ട്, ഹുവായ്, സാംസംഗ്, ക്വാൽകോം, എൽജി, പാനാസോണിക്, ഗൂഗിൾ, ആപ്പിൾ, നോക്കിയ തുടങ്ങിയ ആഗോള സാങ്കേതികവമ്പന്മാരുടെ നിരയിലേക്കാണ് ജിയോ ഉയർന്നിരിക്കുന്നത്. ഈ പട്ടികയിൽ സ്ഥാനം പിടിക്കുന്ന ഏക ഇന്ത്യൻ ടെക് കമ്പനിയാണ് ജിയോ പ്ലാറ്റ്‌ഫോംസ്.

ജിയോ ഒരു 'ഡീപ്‌ടെക്' സ്ഥാപനമായി മാറാൻ നടത്തുന്ന വർഷങ്ങളുടെ പരിശ്രമങ്ങളുടെ തെളിവും പ്രതിഫലനവുമാണ് ഈ റാങ്കിംഗ് എന്ന് മാനേജിംഗ് ഡയറക്ടർ ആകാശ് അംബാനി അഭിപ്രായപ്പെട്ടു.

5ജി, 6ജി, ആർട്ടിഫിഷൽ ഇൻറലിജൻസ്, ക്ലൗഡ്‌നേറ്റീവ് പ്ലാറ്റ്‌ഫോമുകൾ, ഇൻറലിജൻറ് ഓട്ടോമേഷൻ, റേഡിയോ ആക്സസ്, എഡ്ജ് ഇൻറലിജൻസ്, നെറ്റ്‌വർക്ക് സ്ലൈസിംഗ് തുടങ്ങിയവയാണ് ജിയോ ഊന്നൽ നൽകുന്ന പ്രധാന മേഖലകൾ.

കമ്പനി പുറത്തുവിട്ട കണക്കുകൾ പ്രകാരം 2026 മാർച്ച് 31 വരെ ജിയോ ആകെ ഫയൽ ചെയ്തത് 6817 പേറ്റൻറുകളാണ്. ആഗോളതലത്തിൽ പേറ്റൻറ് ഫയലിംഗിൽ ഒരു ശതമാനത്തിൽ താഴെ മാത്രം വളർച്ച രേഖപ്പെടുത്തിയ വർഷത്തിലാണ് ജിയോ പ്ലാറ്റ്‌ഫോംസ് ഇത്തരമൊരു വന്‌പിച്ച കുതിച്ചുചാട്ടം നടത്തിയത് എന്നത് ശ്രദ്ധേയമാണ്.

ജിയോയുടെ ഗവേഷണവികസന പ്രവർത്തനങ്ങളുടെ ഗുണനിലവാരത്തിനുള്ള ആഗോള അംഗീകാരമായാണ് ഈ റാങ്കിംഗിനെ വ്യവസായ വിദഗ്ധർ വിലയിരുത്തുന്നത്.



## ആശ്വാസമായി ജൂബിലിയിലെ ഓക്സിജൻ തെറാപ്പി

**തൃശൂർ:** പ്രമേഹത്തെത്തുടർന്ന് കാൽപാദവും വിരലുകളും മുറിച്ചുമാറ്റാതെ സംരക്ഷിക്കാമെന്നും ചലനശേഷി നഷ്ടപ്പെടുംമുമ്പ് മൈക്രോന്യൂറൽ ശസ്ത്രക്രിയയും ഓക്സിജൻ തെറാപ്പിയും നൽകി രക്തചംക്രമണവും ചലനശേഷിയും വീണ്ടെടുക്കാമെന്നും ജൂബിലി മിഷൻ മെഡിക്കൽ കോളജ് പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവി ഡോ. കെ.എം. പ്രദ്യോത്.

മൈക്രോസ്കോപിക് ശസ്ത്രക്രിയയിലൂടെ അതിസൂക്ഷ്മ രക്തക്കുഴലുകളും മറ്റും പുനഃസ്ഥാപിച്ച് വിരലിനെ പ്രവർത്തനക്ഷമമാക്കാം. ഇതിനുപുറമെ ഹൈപർബാറിക് ഓക്സിജൻ തെറാപ്പിയിലൂടെ രക്തചംക്രമണം നിലയ്ക്കാറായ ശരീരഭാഗത്തേക്കും ശരീരത്തിൻറെ എല്ലാ കോശങ്ങളിലേക്കും അതിസൂക്ഷ്മ രക്തധമനികളിലേക്കും കൂടുതൽ ഓക്സിജൻ നൽകാം. ഈ സംവിധാനം ദക്ഷിണേന്ത്യയിൽ ആദ്യമായി ആരംഭിച്ചത് 2011ൽ ജൂബിലി മിഷനിലാണ്. ഇന്ത്യയിൽ അൻപതോളം ആശുപത്രികളിൽമാത്രമാണ് ഈ സംവിധാനമുള്ളത്.

പ്ലാസ്റ്റിക് സർജറിയിൽ കോസ്മറ്റിക് സർജറി മാത്രമാണ് ജനത്തിനു പരിചിതം. അറ്റുപോകുകയോ കൈയിലെ മാംസം നഷ്ടമാകുകയോ ചെയ്താൽ പൂർവസ്ഥിതിയിലാക്കുന്ന ഹാൻഡ് സർജറി, മൈക്രോ ന്യൂറൽ സർജറി, പ്രമേഹത്തെത്തുടർന്നു വിരൽ മുറിക്കേണ്ട സാഹചര്യം മറികടക്കാനുള്ള റികൺസ്ട്രക്ടീവ് സർജറി, തീപ്പൊള്ളൽ ശസ്ത്രക്രിയ, മുറിച്ചുണ്ട് മുറിയണ്ണാക്ക് ശസ്ത്രക്രിയ എന്നിങ്ങനെയും വിഭാഗങ്ങളുണ്ട്.

മാംസവും അതിസൂക്ഷ്മ രക്തക്കുഴലുകളും ചേർത്തുവച്ച് കൈയോ വിരലോ പുനഃസ്ഥാപിക്കാൻ 15 മണിക്കൂറോളം നീളുന്ന ശസ്ത്രക്രിയ വേണ്ടിവരും. എത്രയുംവേഗം ശസ്ത്രക്രിയ നടത്തിയാലേ ഫലമുണ്ടാകൂ.

ഒന്നരവർഷം വൈകിയാൽ രോഗമുക്തി പ്രയാസമാകും. പ്ലാസ്റ്റിക് സർജറിയിലൂടെ രോഗമുക്തി നേടാമെന്നു രോഗികളും ബന്ധുക്കളും വൈകിയാണു തിരിച്ചറിയുകയെന്നും ഡോ. പ്രദ്യോത് പറഞ്ഞു.

# രാംസൺസിന്റെ ബ്രാൻഡ് അംബാസഡറായി മോഹൻലാൽ

**കൊച്ചി:** കേരളത്തിലെ വസ്ത്രവ്യാപാര രംഗത്ത് എട്ട് പതിറ്റാണ്ടിലേറെ പാരമ്പര്യവും വിശ്വസ്തതയുമുള്ള പ്രമുഖ സ്ഥാപനമായ രാംസൺസ് ധോത്തിസ് & ടെക്സ്റ്റൈൽസ് തങ്ങളുടെ പുതിയ ബ്രാൻഡ് അംബാസഡറായി മോഹൻലാലിനെ പ്രഖ്യാപിച്ചു. മോഹൻലാൽ, കുത്താമ്പുള്ളിയുടെ പരമ്പരാഗത നെയ്ത്തിന്റെ കൈയൊപ്പിട്ട രാംസൺസിനൊപ്പം ചേരുമ്പോൾ ഇവിടെ ഒരു പുതിയ അദ്ധ്യായം ചരിത്രത്തിലെ ഏറ്റവും സുപ്രധാനമായ ഈ പുതിയ വളർച്ചാഘട്ടത്തിന്റെ പ്രഖ്യാപനം കൊച്ചിയിലെ ഹോട്ടൽ മോൺസൂൺ എംപ്രസിൽ നടന്ന വാർത്താസമ്മേളനത്തിലാണ് ഔദ്യോഗികമായി നിർവഹിച്ചത്. കുത്താമ്പുള്ളിയെ ഒരു നെയ്ത്ത് ഗ്രാമമായി മാറ്റുന്നതിൽ പ്രധാന പങ്ക് വഹിച്ച പരേതനായ പി വി രാമസ്വാമി 1945ൽ രൂപീകരിച്ച രാംസൺസ് ധോത്തിസ് & ടെക്സ്റ്റൈൽസ്, തലമുറകളായി കേരളീയരുടെ ഹൃദയത്തോട് ചേർന്നുനിൽക്കുന്ന വിശ്വസ്ത ബ്രാൻഡാണ്. പരമ്പരാഗത മുണ്ടുകൾ, സാരികൾ, ദാവണികൾ (റെഡിമെയ്ഡ് ബ്ലൗസ് ഉൾപ്പെടെ), കുട്ടികളുടെ പട്ടു പാവടകൾ എന്നിവയ്ക്ക് പുറമെ സ്ത്രീപുരുഷ വിഭാഗങ്ങൾക്കായുള്ള അത്യാധുനിക ഫാഷൻ ഉൽപ്പന്നങ്ങളുടെ വിപുലമായ ശേഖരവും രാംസൺസ് വിപണിയിൽ എത്തിക്കുന്നുണ്ട്. ഗുണമേന്മയിലും നവീനതയിലും അധിഷ്ഠിതമായ ഈ എൺപത് വർഷത്തെ പാരമ്പര്യമാണ് മോഹൻലാലുമായുള്ള പുതിയ കൂട്ടുകെട്ടിലൂടെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തുന്നത്.




വരാനിരിക്കുന്ന വിവാഹ സീസണും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചികളും മുൻനിർത്തി സവിശേഷമായി രൂപകൽപ്പന ചെയ്ത 'വെഡ്ഡിംഗ് കളക്ഷൻ' 'പ്രീമിയം കളക്ഷൻ' എന്നിവയും വാർത്താസമ്മേളനത്തിൽ അവതരിപ്പിച്ചു.സംസ്ഥാനവ്യാപകമായി വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി വിപുലമായ പദ്ധതികളെ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നത്. 'രാംസൺസ് ഒരു വസ്ത്ര ബ്രാൻഡ് മാത്രമല്ല, തലമുറകളായി കേരളീയർ നെഞ്ചിലേറ്റിയ ഒരു പാരമ്പര്യമാണ്. അതുപോലെ തന്നെയാണ് മോഹൻലാലും കേരളീയ ജീവിതത്തിന്റെ ഭാഗമായി നിലകൊള്ളുന്നത്. പി വി രാമസ്വാമി പാകിയ വിശ്വസ്തതയുടെയും തനിമയുടെയും ശക്തമായ അടിത്തറയിൽ നിന്നുകൊണ്ട്, പാരമ്പര്യവും ആധുനികതയും സമന്വയിപ്പിച്ച് വസ്ത്രവ്യാപാര രംഗത്ത് ഒരു പുതിയ അധ്യായത്തിനാണ് രാംസൺസ് തുടക്കമിടുന്നത്. കൊച്ചിയിൽ നടന്ന വാർത്താസമ്മേളനത്തിൽ രാംസൺസ് മാനേജിംഗ് ഡയറക്ടർ പ്രവീൺ കുമാർ, ബ്രാൻഡ് സ്ട്രാറ്റജിസ്റ്റും പരസ്യചിത്ര സംവിധായകനുമായ ഗോപ് ബെഞ്ച്മാർക്ക്, രാംസൺസ് ഓപ്പറേഷൻസ് മാനേജർ ശ്രീറാം എന്നിവർ പങ്കെടുത്തു.



# ടൈ കേരള ടിവൈഇ ഗ്ലോബൽ സമ്മിറ്റ് കൊച്ചിയിൽ നടന്നു

**കൊച്ചി:** ആഗ്രഹങ്ങൾക്ക് അനുസരിച്ച് കൂടുതൽ കാര്യങ്ങൾ നിർവഹിക്കണമെന്നും എന്തെങ്കിലുമൊക്കെ ചെയ്തു തുടങ്ങുന്നവരാണ് പിന്നീട് പുതിയ ഉയരങ്ങൾ കീഴടക്കുന്നതെന്നും കേരള ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ പറഞ്ഞു. വിദ്യാർഥികളിലെ സംരംഭകത്വവും നവീകരണ ചിന്തയും പ്രോത്സാഹിപ്പിക്കുന്നതിന് ടൈ യംഗ് എന്റർപ്രണേഴ്സ് (ടി വൈ ഇ) കൊച്ചിയിലെ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഡിജിറ്റൽ ഹബ്ബിൽ സംഘടിപ്പിച്ച ഗ്ലോബൽ സമ്മിറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു റോജി.

സംരംഭകത്വമെന്നതിലൂടെ ടൈ ഉദ്ദേശിക്കുന്നത് സ്ഥാപനമോ പുതിയ പദ്ധതിയോ ആരംഭിക്കുന്നത് മാത്രമല്ലെന്നും വിദ്യാർഥികളുടെ സമഗ്ര വികസനം കൂടിയാണെന്നും മന്ത്രി പറഞ്ഞു. സാധ്യതകൾ അന്വേഷിക്കുന്നവരെയല്ല സാധ്യതകൾ സൃഷ്ടിക്കുന്നവരെയാണ് പുതിയ കാലം ആവശ്യപ്പെടുന്നത്. സംരംഭകത്വ പ്രോത്സാഹനത്തിന് സർക്കാർ വലിയ പിന്തുണയാണ് നൽകുന്നത്. നിർമിത ബുദ്ധി (എ ഐ) ലോകത്തിന് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ട്രാക്ടറും കംപ്യൂട്ടറും ലോകത്ത് കൊണ്ടുവന്നതു പോലുള്ള മാറ്റമാണ് നിർമിത ബുദ്ധിയിലൂടെയും സംഭവിക്കുകയെന്നും റോജി പറഞ്ഞു.

ഇന്നത്തെ ജോലികൾ നാളെ നിലനിൽക്കണമെന്നില്ല. അതുകൊണ്ടു തന്നെ ഈ രംഗത്ത് പുതുമകൾ കൊണ്ടുവരുന്ന വിദ്യാർഥികളെയാണ് രാജ്യവും സമൂഹവും കാത്തിരിക്കുന്നതെന്നും റോജി എം ജോൺ പറഞ്ഞു.

സംരംഭകത്വം വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉൾപ്പെടുത്തണമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ഹൈബി ഈഡൻ എം പി ആവശ്യപ്പെട്ടു. ഓരോ പദ്ധതിയും പുതിയ പാഠങ്ങൾ നൽകുമെന്നും അദ്ദേഹം പറഞ്ഞു.

കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ എസ് യു എം) സഹകരണത്തോടെയാണ് ദി ഇൻഡസ് എന്റർപ്രണേഴ്സ് (ടൈ) കേരള ചാപ്റ്റർ ഗ്ലോബൽ സമ്മിറ്റ് സംഘടിപ്പിച്ചത്.

കേരള സ്റ്റാർട്ടപ്പ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അനൂപ് അംബിക, ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്, ടി വൈ ഇ കേരള ചെയറും ഗ്ലോബൽ ബോർഡ് അംഗവുമായ വിനോദിനി സുകുമാർ, ടൈ കേരള വൈസ് പ്രസിഡന്റ് ഡോ. ജീമോൻ കോര, ടൈ ഗ്ലോബൽ പ്രതിനിധി പിയാലി ചതോപാധ്യായ്, നാവൽട്ട് ബോട്ട്സ് സി ഇ ഒ സന്ദിത് തണ്ടാശ്ശേരി എന്നിവർ പ്രസംഗിച്ചു.

വിവിധ വിദ്യാർഥി സ്റ്റാർട്ടപ്പ് സ്ഥാപകരെയും പ്രതിനിധികളേയും ചടങ്ങിൽ ആദരിച്ചു.

ഉച്ചകോടിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സ്കൂൾ സ്റ്റാർട്ടപ്പ് ടീമുകളും സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾ ഉൾപ്പെടെ ഏകദേശം 2,000 വിദ്യാർഥികളും പങ്കെടുത്തു.

ടി വൈ ഇ ഗ്ലോബൽ ഫൈനൽസിന് മുന്നോടിയായി നടന്ന സമ്മേളനത്തിൽ വിദ്യാർഥി സ്റ്റാർട്ടപ്പ് പ്രദർശനങ്ങൾ, മേക്കർ ഫെയർ, റോബോട്ടിക്സ്, നിർമിത ബുദ്ധി, ഗെയിമിങ് സാങ്കേതികവിദ്യകളുടെ അവതരണങ്ങൾ, സംരംഭകരുമായുള്ള സംവാദങ്ങൾ, മെന്റർ ക്ലിനിക്കുകൾ, സാങ്കേതികവിദ്യാ നവീകരണ എക്സ്പോ, ബൗദ്ധിക സ്വത്തവകാശ (ഐ പി) ക്ലിനിക്ക് എന്നിവ നടന്നു.

# ഫിസാറ്റിൽ ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് 19 ന്

**അങ്കമാലി:** ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം എ പി ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാല കേരളത്തിലെ വിദ്യാർത്ഥികൾക്കായി ഒരുക്കുന്ന ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് 19ന് അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ നടക്കും. കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന കോൺക്ലേവിൽ വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും പങ്കെടുക്കാം എറണാകുളം ജില്ലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ നടക്കുന്ന കോൺക്ലേവിൽ പതിനൊന്നു, പന്ത്രണ്ട് ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ വർഷം പ്ലസ് ടു പരീക്ഷ കഴിഞ്ഞവർക്കും പങ്കെടുക്കാം. വിദ്യാർത്ഥികളുടെ കരിയർ തിരഞ്ഞെടുക്കുന്നതിനും ഉപരി പഠന സാദ്ധ്യതകൾ പരിശോധിക്കുന്നതിനും പുറമെ എൻജിനിയറിങ് കോഴ്സുകൾ പോലെ തന്നെ മറ്റു കോഴ്സുകളുടെയും സാദ്ധ്യതകൾ കോൺക്ലേവിൽ ചർച്ച ചെയ്യും. വിവിധ കോഴ്സുകൾ , അവയുടെ ഫീസുകൾ, അതിനു വേണ്ടി എഴുതേണ്ട മത്സര പരീക്ഷകൾ തുടങ്ങി ഒട്ടനവധി അറിവുകൾ കോൺക്ലേവിൽ പങ്കുവെക്കും. 19 നു രാവിലെ 9 മുതൽ അങ്കമാലി ഫിസാറ്റ് എഞ്ചിനീയറിംഗ് കോളേജിൽ നടക്കുന്ന കോൺക്ലേവിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് നേരിട്ട് അന്നേദിവസം എത്താനുള്ള അവസരം ഉണ്ട്. വിവിധ സ്ഥാപനങ്ങളിലെ സ്കോളർഷിപ്പ് സ്കീമുകൾ, വിവിധ ലാബുകളുടെ പ്രദർശനം, ഐഡിയ ലാബ്, ഇന്റർനാഷണൽ സെർറ്റിഫിക്കേഷൻ ലഭിക്കാൻ എന്തൊക്കെ ചെയ്യണം തുടങ്ങി നിരവധി പ്രോഗ്രാമുകൾ കോൺക്ലേവിൽ ഉൾപ്പെടുത്തിയിട്ടുണ്ട് കൂടുതൽ വിവരങ്ങൾക്ക് 04842725272, 8547704139 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ് . പ്രവേശനം സൗജന്യമാണ്.

# 400 കോടിയുടെ സ്കോളർഷിപ്പ് പ്രഖ്യാപിച്ച് ബജാജ് ഓട്ടോ ഫൗണ്ടേഷൻ

**കൊച്ചി:** ബജാജ് ഓട്ടോ ലിമിറ്റഡിൻറെ സിഎസ്ആർ വിഭാഗമായ ബജാജ് ഓട്ടോ ഫൗണ്ടേഷൻ വനിതാ എൻജിനിയർമാരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 400 കോടി രൂപയുടെ സ്കോളർഷിപ്പ് പ്രഖ്യാപിച്ചു.

ഐഐടി, എൻഐടി, ഐഐഐടി ഉൾപ്പെടെ രാജ്യത്തെ 40 പ്രമുഖ എൻജിനിയറിംഗ് സ്ഥാപനങ്ങളിലെ വിദ്യാർഥിനികൾക്കു പ്രയോജനം ലഭിക്കും.

# ഫിഫ തീമിലുള്ള ഉത്പന്നങ്ങൾക്ക് ഡിമാൻഡ്

**മുംബൈ:** ഫിഫ വേൾഡ് കപ്പ് 2026 ആവേശം ഉപഭോക്താക്കളുടെ താത്പര്യങ്ങളെ സ്വാധീനിക്കുന്നതോടെ ഇന്ത്യൻആഗോള ബ്രാൻഡുകളുടെ വില്പനയിൽ വൻ വർധന.

കായിക പ്രേമികളുടെ ഈ ആവേശം മുതലെടുത്തുകൊണ്ട് ബ്രാൻഡുകൾ വിപണിയിലിറക്കിയ ഫിഫ തീമിലുള്ള വസ്ത്രങ്ങൾ സ്പോർട്സ് ഉപകരണങ്ങൾ, ഇലക്ട്രോണിക്സ്, പാനീയങ്ങൾ എന്നിവയ്ക്ക് വൻ സ്വീകാര്യതയാണ് ലഭിക്കുന്നത്.

ഫുട്ബോൾ ആരാധകരുടെ ശ്രദ്ധ ആകർഷിക്കുന്നതിനായി നൈക്കി, ഡെക്കാത്‌ലൺ, എബി ഇൻബെവ്, ഡിയാജിയോ, റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡി? യൂസ്റ്റ , ഹൈസെൻസ് ഇന്ത്യ തുടങ്ങിയ കമ്പനികൾ തങ്ങളുടെ പ്രവർത്തനങ്ങൾ ശക്തമാക്കി. ഇന്ത്യയിൽ ലോകകപ്പ് ഒരു പ്രധാന മാർക്കറ്റിംഗ്, റീട്ടെയ്ൽ വിപണന സാധ്യതയായി മാറിക്കഴിഞ്ഞു എന്ന് അടിവരയിടുന്നതാണ് ഈ മുന്നേറ്റം.



റിലയൻസി? പുതുതലമുറ വസ്ത്ര ബ്രാൻഡായ 'യൂസ്റ്റ' വ്യക്തമാക്കുന്നതനുസരിച്ച്, അവരുടെ ഫിഫ കളക്ഷനിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും വസ്ത്രങ്ങൾക്ക് വിപണിയിൽ വൻ ഡിമാൻഡാണ് ഉള്ളത്. ഇതിൽ ടീഷർട്ടുകളും വിവിധ രാജ്യങ്ങളുടെ ജഴ്സികളുമാണ് വില്പനയിൽ മുന്നിൽ. അർജൻറീന, ബ്രസീൽ ജഴ്സികളാണ് ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നത്. ഇതോടൊപ്പം മിക്കി ആൻഡ് മിന്നി, പീനട്ട്സ്, ഗാർഫീൽഡ് എന്നിവ ഉൾപ്പെടുത്തിയ ഫിഫ തീം ലൈസൻസ്ഡ് കളക്ഷനുകളും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു. ഫാഷന് മുൻഗണന നൽകുന്ന സ്പോർട്സ്വയറുകളോടുള്ള വർധിച്ചുവരുന്ന ജൻസീ താത്പര്യമാണ് ഇത് കാണിക്കുന്നത്.

പ്രശസ്ത ഫാഷൻ ബ്രാൻഡായ സൂപ്പർ ഡ്രൈ തങ്ങളുടെ ഫിഫ ഒഫീഷ്യൽ ലൈസൻസ്ഡ് പ്രൊഡക്റ്റ്സ് കളക്ഷൻ ഇന്ത്യയിൽ പുറത്തിറക്കി. ഇന്ത്യൻ വിപണിക്കായി ഫുട്ബോളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുള്ള ലിമിറ്റഡ് എഡിഷൻ വസ്ത്രങ്ങളാണ് ബ്രാൻഡ് അവതരിപ്പിച്ചിരിക്കുന്നത്.

ലോകകപ്പിൽ പങ്കെടുക്കുന്ന ഏഴ് രാജ്യങ്ങളുടെ ജഴ്സികളാണ് ഈ കളക്ഷനിലുള്ളത്. ജഴ്സികൾക്ക് പുറമെ, ഫുട്ബോൾ സംസ്കാരം ഉൾക്കൊണ്ടുകൊണ്ടുള്ള അത്‌ലീഷർ വസ്ത്രശേഖരവും ബ്രാൻഡ് വിപണിയിലെത്തിച്ചിട്ടുണ്ട്. ലോകകപ്പ് കാലയളവിൽ ഫുട്ബോൾ തീമിലുള്ള വസ്ത്രങ്ങൾ ധരിക്കാൻ ആഗ്രഹിക്കുന്ന ആരാധകരെ ലക്ഷ്യമിട്ടാണ് ഈ ഉത്പന്നങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്.

ലോകകപ്പുമായി ബന്ധപ്പെടുത്തിയുള്ള പ്രചാരണത്തിൻറെ ഭാഗമായി, ലിമിറ്റഡ് എഡിഷൻ ഫുട്ബോൾ കളക്റ്റബിളുകൾ ഉൾപ്പെടുന്ന 'ഫിഫ വേൾഡ് കപ്പ് 2026' തീം മീൽ ശ്രേണി മക്ഡൊണാൾഡ്സ് ഇന്ത്യ നോർത്ത് & ഈസ്റ്റ് അവതരിപ്പിച്ചു.ഫിഫ വേൾഡ് കപ്പ് 2026ൻറെ ഔദ്യോഗിക റസ്റ്ററൻറ് പങ്കാളി എന്ന നിലയിൽ, കമ്പനി ജൂൺ 19 മുതൽ ഉത്തരേന്ത്യയിലെയും കിഴക്കേ ഇന്ത്യയിലെയും തങ്ങളുടെ റസ്റ്ററൻറുകളിൽ ഉടനീളം പ്രത്യേക 'ഫിഫ മീൽ' നിര അവതരിപ്പിക്കും.

പുതുതായി പുറത്തിറക്കിയ വിഭവങ്ങളും, ഒപ്പം തെരഞ്ഞെടുത്ത മീൽ ഓപ്ഷനുകൾക്കൊപ്പം പരിമിത കാലയളവിലേക്ക് ലഭിക്കുന്ന കളക്റ്റബിൾ മിനി ഫുട്ബോളുകളും

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com